7 (1599) ഫയലുകളുടെ ഫോട്ടോ കോപ്പി നൽകാൻ നടപടി

ശ്രീ. പി. രാജു :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) രഹസ്യസ്വഭാവമില്ലാത്ത ഫയലുകളുടെ ഫോട്ടോ കോപ്പികൾ അപേക്ഷകന് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിൽ മലയാളം നിർബന്ധ മാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഫയലിലെ വിവരങ്ങൾ അപേക്ഷകന് നൽകുന്നത് സംബ ന്ധിച്ച് ഭരണപരിഷ്ക്കാരകമ്മിറ്റിയുടെ ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 67 വകുപ്പുകളിലും അതോട് ബന്ധപ്പെട്ട സെക്രട്ട റിയേറ്റ് വകുപ്പുകളിലും ഭരണഭാഷ മലയാളമാക്കികൊണ്ട് സർക്കാർ ഉത്തരവ് പുറുപ്പെടുവിച്ചിട്ടുണ്ട്. വകുപ്പുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

8 (1600) ചെലവ് ചുരുക്കൽ നടപടികൾ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെലവുചുരുക്കലിന്റെ ഭാഗമായി മന്ത്രിമാരു ടെയും ഉദ്യോഗസ്ഥൻമാരുടെയും വിദേശയാത്രകൾക്ക് നിയന്ത്രണം ഏർപ്പെടു ത്തുമോ;

(ബി) ഉദ്യോഗസ്ഥൻമാരുടെ സംസ്ഥാനത്തിനുപുറത്തുള്ള യാത്ര കൾക്ക് സക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങണമെന്ന് കർശനമായ നിർദ്ദേശം നൽകുമോ;

(സി) സർക്കാർ വക വാഹനങ്ങളുടെ ഉപയോഗത്തിന് കർശനമായ നിയന്ത്രണം ഏർപ്പെടുത്തുമോ;

(ഡി) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് കർശ നമായ നിർദ്ദേശം നൽകുമോ;

(ഇ) പുതിയ സർക്കാർ വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന വ്യവസ്ഥ പാലിക്കാൻ നടപടി സ്വീകരി ക്കുമോ;

(എഫ്) പുതിയ ടെലിഫോൺ അനുവദിക്കുന്നതിന് കർശനമായ നിയ ന്ത്രണം ഏർപ്പെടുത്തുമോ;

(ജി) വകുപ്പു മേധാവികൾക്ക് മാത്രം എസ്.ടി.ഡി. ടെലിഫോൺ സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

---

† അനുബന്ധം I
1062/2010.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ജില്ലാ ഓഫീസർമാരും മേഖലാ ഓഫീസർമാരും ഉപയോഗിക്കുന്ന എസ്.ടി.ഡി. ടെലിഫോൺ പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഐ) സർക്കാർ പരിപാടികളിൽ പരമാവധി ചെലവ് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ഉദ്യോഗസ്ഥൻമാരുടെയും പൊതുമേഖലാ സ്ഥാപനങ്ങളിലെ മോധാവികളുടെയും വിദേശയാത്രയ്ക്ക് ഇപ്പോൾത്തന്നെ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മന്ത്രിമാരുടെ വിദേശയാത്രകൾക്ക് ആവശ്യമെന്ന് തോന്നുന്ന പക്ഷം നിയന്ത്രണം ഏർപ്പെടുത്തുന്നതാണ്.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സർക്കാർ വാഹനങ്ങളുടെ ഉപയോഗത്തിന് ഇപ്പോൾത്തന്നെ വ്യക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നില്ല എന്നുറപ്പുവരുത്താൻ മിന്നൽപരിശോധന നടത്തുവാൻ അതാത് വകുപ്പുകളിലെ വിജിലൻസ് ഓഫീസർമാരോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) വാഹനം വാങ്ങുന്നതിനുവേണ്ടി രൂപീകരിച്ചിരിക്കുന്ന കമ്മിറ്റിയുടെ ശുപാർശപ്രകാരം മാത്രമേ പുതിയ സർക്കാർ വാഹനങ്ങൾ വാങ്ങുവാൻ അനുവദിക്കാറുള്ളൂ. ഏറ്റവും പുതിയ വ്യയനിയന്ത്രിത ഉത്തരവുകൾ പ്രകാരം പുതിയ വാഹനങ്ങൾ വാങ്ങുന്നത് നിരോധിക്കുകയും കമ്മിറ്റിയുടെ പ്രവർത്തനം മരവിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) 1.2.1988 ലെ സർക്കാർ ഉത്തരവ് നം (പി) 72/88/ധന., 7.7.1994 ലെ സർക്കാർ ഉത്തരവ് നം.(ലി) 421/94/ധന.എന്നിവ പ്രകാരം പുതിയ ടെലിഫോൺ അനുവദിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ജി) വകുപ്പു മേധാവികളല്ലാത്ത ചില ഉന്നത പദവിയിലുള്ള ഉദ്യോഗസ്ഥൻമാർക്ക് അവരുടെ ഭരണപരമായ ആവശ്യം കണക്കിലെടുത്ത് ഓഫീസിലും വീട്ടിലും എസ്.ടി.ഡി. സൗകര്യം നൽകേണ്ടതായ സാഹചര്യം ഉണ്ടാകാറുള്ളതുകൊണ്ട് പ്രസ്തുത നിർദ്ദേശം പ്രായോഗികമല്ല.

(എച്ച്) വിശദമായി പരിശോധിക്കുന്നതാണ്.

(ഐ) ഇപ്പോൾത്തന്നെ ചെലവുകൾ നിയന്ത്രിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആവശ്യമെന്ന് തോന്നുന്നപക്ഷം കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതാണ്.

9 (1691) വിദേശപര്യടനം കഴിയുമ്പോൾ നൽകുന്ന പഠനക്കുറിപ്പുകൾ

ശ്രീമതി രാധാ രാഘവൻ :

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മന്ത്രിമാരും വകുപ്പുമേധാവികളും പൊതുമേഖലാ വ്യവസായ സംരംഭങ്ങളുടെ തലവൻമാരും വിദേശപര്യടനം നടത്തിയതിനു

LIBRARY ARCHIVES Kerala Legislative Assembly